# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7795 15/07/2014 ൽ മറുപടിക്ക്

**ചലച്ചിത്ര അവാർഡും വിവാദങ്ങളും**

ചോദ്യം ഉത്തരം

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 2013 - ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണവും അത് സംബന്ധിച്ച വിവാദങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സിനിമ കാണാതെയാണ് ജൂറി അവാർഡ് പ്രഖ്യാപനം നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി), (സി) ആന്റ് (ഡി) | 2013 -ലെ സംസ്ഥാന ചലച്ചിത്ര അവാർഡിനായി രൂപീകരിച്ച ജൂറിയുടെ ചെയർമാൻ എല്ലാ ചിത്രങ്ങളും കണ്ടിട്ടില്ല എന്ന നിലയിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ജൂറി ചെയർമാൻ തന്നെ നിഷേധിച്ചിട്ടുമുണ്ട്. അവാർഡുകളെക്കുറിച്ച് ഇത്തരം ആക്ഷേപം ഉണ്ടാകുന്നത് വളരെ കൂടുതൽ ചിത്രങ്ങൾ അവാർഡിനായി പരിഗണിക്കേണ്ടി വരുന്ന സാഹചര്യത്തിലായതിനാൽ സംസ്ഥാന അവാർഡ് കൂടുതൽ മൂല്യവത്താക്കുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇക്കാര്യം പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം വിവാദങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; | | |
| (ഡി) | അടുത്ത വർഷം മുതൽ അവാർഡിനായി സമർപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ മേന്മ പരിശോധിക്കുന്നതിനും ഓരോ ചിത്രത്തേക്കുറിച്ചും ജൂറിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനും സുതാര്യമായ മൂല്യ നിർണ്ണയ രീതികൾ സംബന്ധിച്ച അഭിപ്രായ രൂപീകരണത്തിനും നടപടി സ്വീകരിക്കുമോ ? | | |

daradadevill
സെക്ഷൻ ഓഫീസർ